(ബി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 209 തടയണകൾ, വി.സി.ബി, റെഗുലേറ്ററുകൾ എന്നിവയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 30 എണ്ണം പൂർത്തിയായിട്ടുണ്ട്. 128 എണ്ണത്തിന്റെ പണി പുരോഗതിയിലാണ്. 15 എണ്ണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിച്ചുവരുന്നു. 32 എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുണ്ട്. 4 പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഇവയിൽ 180 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വർക്കുകൾ അതാതു വിഭാഗങ്ങൾ ടെണ്ടർ വിളിക്കുകയും ഇത് വിവിധ ഘട്ടങ്ങളായി നടത്തി വരികയും ചെയ്യുന്നു. ബാക്കി പദ്ധതികളുടെ സാങ്കേതികാനുമതിക്കുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

ചീഫ് എഞ്ചിനീയർ, കാവേരി സെല്ലിന്റെ കീഴിൽ 123 പ്രവൃത്തികളിൽ 39 എണ്ണം പൂർത്തീകരിച്ചു. 44 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 40 പ്രവൃത്തികൾ ടെണ്ടറിംഗ് ഘട്ടത്തിലാണ്.

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മലബാറിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം ഉണ്ടായിരുന്നു. 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവയിൽ 180 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വർക്കുകൾ ടെണ്ടർ ചെയ്യുകയും പണികൾ വിവിധ ഘട്ടങ്ങളിലുമാണ്. ബാക്കി സ്കീമുകളുടെ സാങ്കേതികാനുമതിക്കായുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

**ജലവിഭവ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ**

**92 (689)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യ ത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം താഴെ പറയുന്നു :

കോഴിക്കോട് നഗരത്തിന്റെ ശുദ്ധ ജലവിതരണ പദ്ധതിയുടെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക 14.37 കോടി രൂപയാണ്. ഇതിൽ 1-ാം നിയോജക മണ്ഡലത്തിൽ 700.00 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ 6 റീച്ചുകൾ ആയി ടെണ്ടർ ചെയ്ത് പദ്ധതി പ്രാവർത്തികമാക്കാൻ നടപടികൾ എടുത്തുവരുന്നു. ടെണ്ടർ ചെയ്ത 6 റീച്ചുകളിൽ 1,6 ഒഴികെയുള്ള 4 റീച്ചുകൾക്ക് ലഭിച്ച ടെണ്ടറുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1,6 റീച്ചുകൾ 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ കോട്ട് ചെയ്യാത്തതിനാൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള റീ കാസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1) എന്നിവരുടെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു. *

**മാള നിയോജക മണ്ഡലത്തിലെ മലബാർ ഇറിഗേഷൻ പാക്കേജ്**

**93 (690)** ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ;

(ബി) ഇറിഗേഷൻ വകുപ്പുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ള ചെമ്പാളൂർ പമ്പ് ഹൗസിന്റെ പുനർ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പമ്പ്ഹൗസ് പണി തീരുന്നതോടെ അവിടുത്തെ മോട്ടോറുകളും പമ്പുകളുംമാറ്റി പുതിയവ സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly